

# ട്രാൻസ്ജെൻഡർ സമൂഹത്തിന്

## വേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ക്ഷേമ പദ്ധതികളും അനുബന്ധ പ്രവർത്തനങ്ങളും

മഴവില്ല്

ട്രാൻസ്ജെന്റർ സമൂഹത്തിന് വേണ്ടിയുള്ള സമഗ്ര പദ്ധതി

കേരള സർക്കാർ

സാമൂഹ്യനീതി വകുപ്പ്

care, protection & empowerment

# ട്രാൻസ്ജെൻഡർ സമൂഹത്തിന്

## വേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന

# ക്ഷേമ പദ്ധതികളും അനുബന്ധ പ്രവർത്തനങ്ങളും


# ആമുഖം

ഇന്ത്യൻ ഭരണഘടന മുന്നോട്ടു വയ്ക്കുന്ന ലിംഗനീതിയും, ലിംഗസമത്വവും അനുഭവിക്കാൻ കഴിയാതെ പോകുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾ എല്ലാ അർത്ഥത്തിലും പ്രത്യേക പരിഗണന അർഹിക്കുന്നു. ഇത്തരം വ്യക്തികളോട് സമൂഹത്തിനുള്ള അവഗണനയും അവർ അനുഭവിക്കുന്ന ഉൾവലിയലും ഇല്ലാതാക്കാൻ ബോധപൂർവമുള്ള ഇടപെടൽ സമൂഹത്തിൽ ആവശ്യമാണ്. 2014 ഏപ്രിൽ 14ലെ സുപ്രീം കോടതിയുടെ വിധി ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായിരുന്നു.അതിന്റെ അടിസ്ഥാനത്തിലാണ് കേരളം ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി മാറിയതും.

കേരള സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ ട്രാൻസ്ജെൻഡർ സൗഹാർദ്ദപരമായ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. പാർശ്വവൽക്കരിക്കപെട്ട ഒരു വിഭാഗമെന്ന നിലയിൽ അവരുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് തന്നെ വകുപ്പിന്റെ കീഴിൽ നിരവധി സേവനങ്ങളും പദ്ധതികളും ഇന്ന് നിലവിലുണ്ട്. ഇവ സമയബന്ധിതമായി നടപ്പിലാക്കി ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും അതുവഴി സാമൂഹികപരമായും, സാംസ്കാരികപരമായും, സാമ്പത്തികപരമായും ഉള്ള ഉന്നമനം കൈവരിക്കാനും അവരെ പ്രപ്തരാക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കേണ്ടതുണ്ട്.

ഭരണഘടന മൂല്യങ്ങൾ ജീവിത സംസ്കാരമായ് മാറുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കാൻ കേരളത്തിൽ ഇത്തരം പദ്ധതികളും സേവനങ്ങളും കൊണ്ട് സാധിക്കുമെന്ന ശുഭാപ്തിവിശ്വാസം വകുപ്പിനുണ്ട്.





# കേന്ദ്രീകൃത സംവിധാനങ്ങൾ

## സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ്ബോർഡ്

ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, ട്രാൻസ്ജെൻഡർ ക്ഷേമത്തിനാവശ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നൽകുന്നതിനും സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപികരിച്ചിട്ടുണ്ട്.

## ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റി

ട്രാൻസ്ജെൻഡർ നയത്തിന്റെ നടത്തിപ്പിനാവശ്യമായ ശുപാർശകൾ നൽകുന്നതിനും ജില്ലാ അടിസ്ഥാനത്തിൽ സ്ക്രീനിംഗ് കമ്മിറ്റി രൂപികരിച്ചു തിരിച്ചറിയൽ കാർഡ് നൽകുന്നതിനും, മറ്റു ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നൽകുന്നതിനും ജില്ലാ തലത്തിൽ ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്.

## ട്രാൻസ്ജെൻഡർ സെൽ

2015 -ൽ നടപ്പിലാക്കിയ ട്രാൻസ്ജെൻഡർ പോളിസിയിൽ ജെൻഡർ സെൽ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകൾക്ക് വേണ്ട സഹായം ചെയ്തു കൊടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.

- ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ഏകോപനത്തിനും, നൂതന പദ്ധതികൾ ആവിഷ്കരിച്ച് ഇവരെ മുഖ്യധാരയിൽ നിർത്തുന്നതിനുമായി ക്രിയാത്മകമായ സമീപനത്തോടെയുള്ള പ്രവർത്തനം അനിവാര്യമാണ്.
- ഇതിലേക്കായി സാമൂഹ്യ നീതി വകുപ്പ് ട്രാൻസ്ജെൻഡർ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ട്രാൻസ്ജെൻഡർ വിഭാഗത്തെ ഉൾപ്പെടുത്തി കൊണ്ട് 2018 ഫെബ്രുവരി മുതൽ ട്രാൻസ്ജെൻഡർ സെൽ രൂപികരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

- ട്രാൻസ്ജെൻഡർ വിഭാഗത്തിലെ വ്യക്തികൾ തന്നെയാണ് ജീവനക്കാരായി നിയമിക്കപ്പെട്ടിട്ടുള്ളത്.

  1 പ്രൊജക്റ്റ് ഓഫീസർ

  2 പ്രൊജക്റ്റ് അസ്സിസ്റ്റന്റ്

  1 ഓഫീസ് അറ്റെൻഡർ , എന്നിങ്ങനെയാണ് തസ്തികകൾ.

- പ്രസ്തുത സെൽ പ്രവർത്തിക്കുന്നത് സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിലാണ്.

# സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

## തിരിച്ചറിയൽ കാർഡ് വിതരണം

ഒരു വ്യക്തിക്ക് തന്റെ വ്യക്തിത്വം തെളിയിക്കുന്നതിനു വേണ്ടി അടിസ്ഥാനപരമായി ഉണ്ടാകേണ്ട രേഖയാണ് തിരിച്ചറിയൽ കാർഡ്. എന്നാൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ട് വകുപ്പ് മുഖേന തിരിച്ചറിയൽ കാർഡ് നൽകി വരുന്നു.

- സംസ്ഥാനത്തെ മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- ട്രാൻസ്ജെൻഡർ ഐ.ഡി കാർഡ് എന്ന് രേഖപ്പെടുത്തി, സ്വയം നിർണ്ണയിക്കുന്ന ജെൻഡറിലായിരിക്കും കാർഡ് നൽകുന്നത് .
- അപേക്ഷ ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.
- 2018 ഒക്ടോബർ മാസം മുതൽ ഓൺലൈൻ പ്രക്രിയയിലൂടെയാണ് തിരിച്ചറിയൽ കാർഡ് വിതരണം നടപ്പിലാക്കി വരുന്നത്.
- C-DIT എന്ന സർക്കാർ സ്ഥാപനം മുഖേന ഒരു ഓൺലൈൻ മോഡ്യൂൾ തയ്യാറാക്കുകയും ഓരോ വ്യക്തികൾക്കും സവിശേഷ



തിരിച്ചറിയൽ നമ്പർ ലഭ്യമാക്കുകയും ആ നമ്പരിലൂടെ എല്ലാ സ്കീമുകളും ബന്ധപ്പെടുത്തുകയും ചെയ്യുന്നതായിരിക്കും.

## സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി

- പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി മുഖേന സർവ്വേ നടത്തുകയുണ്ടായി.
- ഇതിൻപ്രകാരം തുല്യതാപരീക്ഷ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും അവർക്ക് തുടർവിദ്യാഭ്യാസം നൽകുന്നതിനുമായുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
- അദൃശ്യവൽക്കരിക്കപ്പെട്ടവരെ ദൃശ്യരാക്കി മാറ്റുവാൻ

തുടർവിദ്യാഭ്യാസത്തിലൂടെ അവസരമൊരുക്കുന്ന പ്രസ്തുത പദ്ധതി, 'സമന്വയ' എന്നപേരിൽ സാക്ഷരത മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു.


- അടിസ്ഥാന സാക്ഷരത, നാലാം തരം, എഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത്.
- പഠിതാക്കൾക്ക് വിദ്യാഭ്യാസ സഹായവും താമസസൗകര്യവും ഇതോടൊപ്പം നടപ്പിലാക്കി വരുന്നു.
- വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെട്ട ജീവിതസാഹചര്യം സൃഷ്ടിക്കാനും, അതിലൂടെ അവരെ പ്രാപ്തരാക്കാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയും.
- ഇതിനായി 35 ലക്ഷം രൂപ വകുപ്പ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിട്ടിക്ക് നൽകിയിട്ടുണ്ട്.

## ബോധവൽക്കരണ പരിപാടികൾ

സമൂഹത്തിൽ പാർശ്വവൽകരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കു നേരെ തികഞ്ഞ അവഗണനയാണ് പലപ്പോഴും പൊതുസമൂഹം വച്ചുപുലർത്തുന്നത്. സമൂഹനിർമിതിയിൽ അധ്യാപകർക്കും, പോലീസുകാർക്കും, സർക്കാർ ജീവനക്കാർക്കും വലിയ പങ്കുണ്ടെന്നിരിക്കെ ചിലരുടെ ഭാഗത്തുനിന്നും വിവേചനപരമായ ഇടപെടൽ ഉണ്ടാകുന്നു എന്നത് ദയനീയമാണ്.

- ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങൾ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ലഭിക്കേണ്ടതാണ്.
- സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും, സർക്കാർ ജീവനക്കാരെയും, അധ്യാപകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു.
- സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും 5 സ്കൂളുകളും കോളേജുകളും തിരഞ്ഞെടുത്തു വിദ്യാർഥികൾക്കും അധ്യാപകർക്കും ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.

# ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്



വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നിൽക്കുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ പരിഗണന നൽകേണ്ടതിന്റെ ആവശ്യകത ഏറെ കൂടുതലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ സാധിക്കാതെ പോയത് 58% പേരാണ് എന്ന് സർവ്വേയിൽ വ്യക്തമാണ്. നിലവിൽ സ്കൂളുകളിൽ / കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

- പ്രസ്തുത പദ്ധതി പ്രകാരം സ്കൂൾതലം മുതൽ പ്രൊഫെഷണൽ ഡിഗ്രീ തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം നൽകിവരുന്നു.
- സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയും ആണ് സ്കോളർഷിപ് തുക.
- ഇതിനായി അപേക്ഷകൾ ട്രാൻസ്ജെൻഡർ സെല്ലിലേക്ക് നേരിട്ട് സമർപ്പിക്കാവുന്നതാണ്.
- 2018 ഒക്ടോബർ 1 മുതൽ അപേക്ഷ ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതാണ്.
- അപേക്ഷാഫോമിനൊപ്പം ട്രാൻസ്ജെൻഡർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് കൂടി നൽകേണ്ടതാണ്.
- ഇതിനായി 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## സംരംഭകത്വ വികസന പരിശീലന പരിപാടി

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിന് സ്ത്രീകൾക്കും പുരുഷന്മാർക്കും ഒപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത ലക്ഷ്യം മുൻനിർത്തി അതിജീവനത്തിനു ഇവരെ പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലനത്തിന് പദ്ധതി നടത്തിവരുന്നു. ഇതിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്.

- സർക്കാർ സ്ഥാപനമായ C-STED മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
- ഇതിനായി 8.94 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.
- 90 ട്രാൻസ്ജെൻഡർ വ്യക്തികൾക്കാണ് ഈ പരിശീലനം നൽകിയിട്ടുള്ളത്.

## കെയർ ഹോം/ സേഫ്റ്റി ഹോമുകൾ

- കെയർ ഹോം /സേഫ്റ്റി ഹോമുകൾ കേരളത്തിലെ വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഒർഗനൈസേഷന്റെ കീഴിൽ പ്രവർത്തിക്കുന്നതായിരിക്കും .
- പ്രാരംഭ ഘട്ടമെന്ന നിലയിൽ കേരളത്തിലെ 5 ജില്ലകളിൽ കെയർ ഹോം /സേഫ്റ്റി ഹോമുകൾ ആരംഭിക്കുവാനുള്ള പ്രോപ്പോസലുകൾ വിവിധ സി.ബി.ഒ കളിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്.
- 2019 ജനുവരി മാസത്തിൽ തന്നെ പ്രസ്തുത ഹോമുകൾ ആരംഭിക്കുന്നതാണ്.

## എച്ച്.ഐ.വി സീറോ സർവൈലൻസ് സെന്റർ

സംസ്ഥാനത്ത് ആകെമാനമുള്ള ട്രാൻസ്ജൻഡർ സമൂഹത്തിന് തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യുന്നതിന് പ്രേരിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ട്.

- അത്തരം തൊഴിൽ ചെയ്യേണ്ടിവരുന്നവരിൽ HIV ഉൾപ്പെടെ പല ആരോഗ്യപ്രശ്നങ്ങളും കണ്ടുവരുന്നുണ്ട്.
- ഈ സാഹചര്യത്തിൽ HIV വിമുക്തമായ ഒരു സമൂഹം



കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

- സെന്ററിന്റെ പ്രവർത്തനം ട്രാൻസ്ജെൻഡർ സെല്ലിൽ നിന്നും നേരിട്ട് വിലയിരുത്തിവരുന്നു.
- ഇതിനായി 19,80,600/ രൂപ വകയിരുത്തിയിരിക്കുന്നു.

## 24x7 ഹെല്പ് ലൈൻ

- സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24X7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്.
- കമ്മ്യൂണിറ്റി കൗൺസിലറിന്റെ സേവനം ഏതു സമയത്തും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വ്യക്തിക്ക് ലഭിക്കുന്നതാണ്.
- ലഭിക്കുന്ന പരാതികൾക്കെതിരെ ശക്തമായ നടപടി കൈക്കൊള്ളുവാൻ വകുപ്പ് ശ്രദ്ധിക്കുന്നതായിരിക്കും.
- പോലീസിന്റെ സേവനം അത്യാവശ്യമായിടത്ത് എത്തിക്കുവാനും ഇതുവഴി സാധിക്കുന്നതാണ്.
- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ കാര്യക്ഷമമായി ക്രോഡീകരിക്കാനും, വേണ്ടതരത്തിൽ നിയമനടപടികൾ കൈക്കൊള്ളാനും സാധിക്കുന്നതാണ്.
- ഇതിനായി 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

# ബ്യൂട്ടീഷൻ പരിശീലന പദ്ധതി

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൽ സൊസൈറ്റിയും സാമൂഹ്യനീതി വകുപ്പും സംയുക്തമായി പ്രസ്തുത പരിശീലന പരിപാടി നടത്തി വരുന്നു.

- പരിശീലന പരിപാടി എറണാകുളം കേന്ദ്രമായി പ്രവർത്തിക്കുന്ന ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ ആണ് സംഘടിപ്പിച്ചിരിക്കുന്നത്.
- ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് സാമൂഹ്യനീതി വകുപ്പിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിന്റെ നേതൃത്വത്തിലായിരിക്കും.
- പരിശീലന പരിപാടിയുടെ കാലാവധി മൂന്നു മാസമായിരിക്കും.
- പഠിതാക്കൾക്ക് പ്രതിമാസം ഒരു നിശ്ചിത തുക സ്റ്റൈഫന്റ് ആയി നൽകുന്നതാണ്.
- 100 പേർക്ക് പരിശീലനം നടത്താനാണ് ആദ്യഘട്ടത്തിൽ തീരുമാനിച്ചിരിക്കുന്നത്.
- പരിശീലനം വിജയകരമായി നടന്നുവരുന്നു.
- ഇതിനായി 20.75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.



## തയ്യൽ മെഷീൻ വിതരണ പദ്ധതി

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജൻഡർ പോളിസിയുടെ ഭാഗമായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും, അവകാശലംഘനങ്ങൾക്കും വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുനഃരധിവാസം ഉറപ്പാക്കേണ്ടതുണ്ട്.

- സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.
- ആയതുപ്രകാരം സംസ്ഥാനത്ത് തയ്യൽ പഠിച്ച് പ്രവൃത്തി പരിചയമുള്ള ട്രാൻസ്ജൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നു.
- സംസ്ഥാനത്ത് ആകമാനമുള്ള 100 ട്രാൻസ്ജൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ നൽകുവാൻ ആണ് തീരുമാനിച്ചിരിക്കുന്നത്.
- മെഷീനുകൾ ജില്ലകളിൽ വിതരണം ചെയ്തുവരുന്നു.

## ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ പ്രധാനമായും നേരിടുന്ന വെല്ലുവിളിയാണ് ശാരീരിക മാറ്റം. ഇതിനായി ഭീമമായ തുക ട്രാൻസ്ജെൻഡർവ്യക്തികൾ ചിലവാക്കേണ്ടി വരുന്നുണ്ട്.

- പുരുഷനിൽ നിന്നും സ്ത്രീയിലേക്കും സ്ത്രീയിൽ നിന്നും പുരുഷനിലേക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്.
- പ്രാഥമിക ഘട്ടമെന്ന നിലയിൽ പരമാവധി രണ്ടു ലക്ഷം രൂപ വീതമാണ് ഓരോ വ്യക്തികൾക്കും നൽകുവാൻ തീരുമാനിച്ചിരിക്കുന്നത്.
- നടപടികൾ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.
- അർഹരായവർക്ക് ധനസഹായം വിതരണം നൽകിവരുന്നു.

## എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റു അനുബന്ധ ചിലവുകൾക്കുമായി ഒരു നിശ്ചിത തുക വകുപ്പ് വകയിരുത്തിയിട്ടുണ്ട്.

- ഓരോ മാസവും നിശ്ചിത തുക ലഭിക്കുന്നതുമൂലം എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജൻഡർ വ്യക്തികളുടെ ആരോഗ്യം നല്ല രീതിയിൽ നിലനിർത്തുന്നതിനായി സഹായകരമാവും.
- ഇതിനായുള്ള അപേക്ഷകൾ സ്വീകരിക്കുകയും, അർഹരായ വർക്ക് ധനസഹായം വിതരണം ചെയ്യാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

## സംസ്ഥാനത്തെ 50 സർക്കാർ വിദ്യാലയങ്ങളെ ട്രാൻസ്ജെൻഡർ സൗഹൃദ വിദ്യാലയമായി പ്രഖ്യാപിക്കുന്ന പദ്ധതി

കൗമാര കാലഘട്ടങ്ങളിലാണ് ട്രാൻസ്ജെൻഡർ വ്യക്തികളുടെ കൊഴിഞ്ഞുപോക്ക് വിദ്യാലയങ്ങളിൽ കൂടുതലായി സംഭവിക്കുന്നത്. നിലവിലെ സാഹചര്യവുമായി പൊരുത്തപ്പെടാൻ സാധിക്കാതെയും, അധ്യാപകരുടെ വിവേചനപരമായ ഇടപെടൽ കൊണ്ടും, സഹപാഠികളുടെ ഒറ്റപ്പെടുത്തൽ, കളിയാക്കലുകൾ എന്നിവകൊണ്ടും ലൈംഗികപരമായ ചൂഷണങ്ങളും, നേരിടേണ്ടിവരുന്നത് കൊണ്ടും ഭൂരിഭാഗം ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തങ്ങളുടെ വിദ്യാഭ്യാസം പകുതി വഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്നു.

- വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കേരളത്തിലെ 50 സർക്കാർ വിദ്യാലയങ്ങളെ ട്രാൻസ്ജെൻഡർ സൗഹൃദ വിദ്യാലയങ്ങൾ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.
- പ്രാരംഭ ഘട്ടം എന്ന നിലയിൽ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട 5 സ്കൂളുകളും, 5 കോളേജുകളും കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും, മത്സരങ്ങളും സംഘടിപ്പിച്ചു വരുന്നു. ഈ



വിദ്യാലയങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

## സ്വയം തൊഴിൽ ധനസഹായം

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും, അവകാശ ലംഘനങ്ങൾക്കും വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജെൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുനഃരധിവാസം ഉറപ്പാക്കേണ്ടതുണ്ട്. ഇതിലേക്കായി ഇവർക്ക് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

- തൊഴിൽ സംരംഭം തുടങ്ങുന്നതിനായി ഒരു വ്യക്തിക്ക് 50,000/ രൂപ എന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.
- പ്രസ്തുത പദ്ധതിക്കായുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.
- അപേക്ഷകൾ സ്വീകരിച്ചു വരുന്നു.
- ധനസഹായവിതരണത്തിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്.

## വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള  വായ്പ പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായിയുള്ള പദ്ധതിയാണിത്.

- വനിതാ വികസന കോർപ്പറേഷൻ മുഖേന ആയിരിക്കും തുക നൽകപ്പെടുക.
- ഒരു സംരംഭകർക്കോ സംരംഭകത്വത്തിനോ 3  ലക്ഷം രൂപ വരെ ആയിരിക്കും നൽകുക.
- പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 അംഗങ്ങൾക്കായിരിക്കും തുക നൽകുക.
- പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിൽ കണ്ടെത്തി ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയം പര്യാപ്ത്തരാക്കാൻ കഴിയും.
- ഇതിനായുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.
- 30 ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.

## ഡ്രൈവിംഗ് പരിശീലനം

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

- ഒരു ജില്ലയിൽ 5  വീതം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിവരുന്നത്.
- ഇതിൻ പ്രകാരം 14 ജില്ലകളിലും അപേക്ഷ സ്വീകരിക്കുകയും ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.
- 2018 മാർച്ച് മാസം തന്നെ പരിശീലന പരിപാടിക്കുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.
- പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

## ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം/ താമസസൗകര്യം കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്നതിനായി വകുപ്പ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സർക്കാർ / എയ്ഡഡ് /അൺ എയ്ഡഡ് /സെൽഫ് ഫിനാൻസസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിയുടെ ഗുണം ലഭ്യമാകുന്നത്.

- അർഹരായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4000/ രൂപ എന്ന ക്രമത്തിലാണ് തുക അനുവദിക്കുന്നത് .
- പ്രതിമാസം അനുവദിക്കുന്ന തുക വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു നൽകുന്നതാണ്.

## ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി

നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്കാണ് ഈ പദ്ധതിയുടെ ഗുണം ലഭ്യമാകുന്നത്.

- 30,000/ രൂപയാണ് ധനസഹായമായി ലഭ്യമാകുന്നത്.
- വിവാഹശേഷം 6 മാസത്തിനു ശേഷവും ഒരു വർഷത്തിനകവും ധനസഹായത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷകരിൽ ഒരാൾ മാത്രം ട്രാൻസ്ജെൻഡർ വ്യക്തിയാണെങ്കിലും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

## ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം

- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം അനുവദിച്ച സർക്കാർ ഉത്തരവ് പ്രകാരം ഒരു കോഴ്സിന് 2 സീറ്റ് വീതമാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്.
- എറണാകുളം മഹാരാജാസ് കോളേജിലാണ് ആദ്യമായി പഠിതാക്കൾ സംവരണ സീറ്റിലൂടെ അഡ്മിഷൻ നേടിയത്.

## പി.എസ്.സി പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി ട്രാൻസ്ജെൻഡർ കോളം ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി ലഭിച്ചു

- പി.എസ്.സി പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി പുരുഷൻ, സ്ത്രീ എന്നതിനൊപ്പം ട്രാൻസ്ജെൻഡർ കോളം കൂടി ഉൾപ്പെടുത്തുന്നതിനായി സർക്കാർതലത്തിൽ നടപടികൾ പൂർത്തിയായിട്ടുണ്ട്.
- 2019 ജനുവരി മാസം മുതൽ പൊതുനിയമനങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികളെ കൂടി ഉൾപ്പെടുത്തി ചരിത്രം കുറിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുന്നു.

## ഡ്രൈവിംഗ് ലൈസൻസിൽ ട്രാൻസ്ജെൻഡർ കോളം

- മോട്ടോർ വാഹന വകുപ്പ് മുഖേന നൽകുന്ന ഡ്രൈവിംഗ് ലൈസൻസിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തം സ്വത്വം വെളിപ്പെടുത്തി ലൈസൻസ് ലഭ്യമാക്കുന്നതിനു എല്ലാ നടപടികളും വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.
- നിലവിൽ ഡ്രൈവിംഗ് ലൈസൻസിനായുള്ള എല്ലാ അപേക്ഷാഫോമുകളിലും ട്രാൻസ്ജെൻഡർ കോളം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി സൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കാൻ അനുമതി

- സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ട്രാൻസ്ജെൻഡർ സൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.
- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പഠിതാക്കൾ ഉള്ള എറണാകുളം മഹാരാജാസ് കോളേജിൽ ട്രാൻസ് മാൻ, ട്രാൻസ് വുമൺ എന്നിവർക്കായി രണ്ടു സൗഹാർദ്ദ ടോയ്‌ലറ്റുകളാണ് സ്ഥാപിക്കുന്നത്.



# സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

## ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ഇന്ത്യയിൽ ഇൻഷുറൻസ് മേഖലയിൽ ഉയർന്ന വളർച്ചാ നിരക്കാണ് ആരോഗ്യ ഇൻഷുറൻസിനുള്ളത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ നിലവിലുണ്ട്. എന്നാൽ ട്രാൻസ്ജെൻഡർ വ്യക്തികൾ ഇത്തരം ആരോഗ്യഇൻഷുറൻസ് പദ്ധതിയുടെ പരിധിക്കുള്ളിൽ ഉൾപ്പെട്ടവരല്ല. ശാരീരികമായും മാനസികമായും കൂടുതൽ കരുതൽ വേണ്ട വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

- സർക്കാർ സ്വകാര്യ ആശുപത്രികളിൽ ഈ സേവനം ലഭ്യമാകുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനം.
- ഇൻഷുറൻസ് മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ മുഖേന പ്രസ്തുത സേവനം ലഭ്യമാക്കാനാണ് ഉദേശിക്കുന്നത്.

- സാമൂഹ്യനീതി വകുപ്പിന്റെ തിരിച്ചറിയൽ കാർഡ് കരസ്ഥമാക്കിയവർക്ക് ഈ സേവനം ലഭ്യമാക്കുന്നതാണ്.
- ഇതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ പൂർത്തീകരിച്ചു.

## വാഹന വായ്പ പദ്ധതി

ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കി ലൈസൻസ് ലഭിച്ച വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭം എന്ന നിലയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

- പദ്ധതിക്കായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- ഡൗൺ പേയ്മെന്റ് വകുപ്പിന്റെ നേതൃത്വത്തിൽ ആയിരിക്കും നടക്കുന്നത്.
- പിന്നീടുള്ള വായ്പ തുക പ്രസ്തുത വ്യക്തിയുടെ മാത്രം ചുമതലയായിരിക്കും.
- പൈലറ്റ് അടിസ്ഥാനത്തിൽ രണ്ടു ജില്ലകളിലായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.

മഴവില്ല്

കേരള സർക്കാർ

സാമൂഹ്യനീതി വകുപ്പ്

ഡയറക്ടറേറ്റ് ഓഫ് സോഷ്യൽ ജസ്റ്റിസ്
അഞ്ചാം നില, വികാസ് ഭവൻ, പിഎംജി, തിരുവനന്തപുരം 695 033
ഫോൺ 0471 2306040 ഇമെയിൽ sjdtgcell@gmail.com
Helpline: 1800 425 2147

